**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5798** **08-11-2021 - ൽ മറുപടിയ്ക്ക്**

**ഒരു ജില്ല ഒരു ഉല്പന്നം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക ഉല്പന്നങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള ഒരു ജില്ല ഒരു ഉല്പന്നം പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Ministers Formalization of Micro Food Processing Entreprises) പദ്ധതി വഴി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയിലെ വായ്പാബന്ധിത പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നു. വ്യക്തിഗത സംരംഭങ്ങൾക്ക് പദ്ധതി ചെലവിന്റെ 35 % പരമാവധി 10 ലക്ഷം രൂപ വരെയാണ് സബ്സിഡി. ജില്ലാ തലത്തിൽ കണ്ടെത്തിയിട്ടുള്ള ODOP (One District One Product) ഉല്പന്നത്തിന്റെ സംസ്കരണത്തിന് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, നിലവിൽ പ്രവർത്തിക്കുന്ന മറ്റു ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ സംസ്കരണ സ്ഥാപനങ്ങൾക്കും ഈ പദ്ധതി പ്രകാരമുള്ള സഹായം നൽകുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ആരംഭിക്കുന്ന വ്യവസായ സംരംഭങ്ങൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളും ധനസഹായങ്ങളും നൽകുമെന്ന് അറിയിക്കാമോ; | (ബി) | ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ താഴെ പറയുന്നു. വ്യക്തിഗത സൂക്ഷ്മ ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്ക് യോഗ്യമായ ചെലവിന്റെ 35% എന്ന അളവിൽ യൂണിറ്റിനു പരമാവധി 10 ലക്ഷം രൂപ വരെ ക്രെഡിറ്റ് ലിങ്ക്ഡ് സ്ഥിര മൂലധന സബ്സിഡി (മെഷീനറി വാങ്ങുന്നതിന്) നല്കും. സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങൾക്കു ചെറിയ ഉപകരണങ്ങൾ വാങ്ങുന്നതിനായി എസ്.എച്ച്.ജി യുടെ ഓരോ അംഗത്തിനും 40000 രൂപ വരെ പ്രാരംഭ മൂലധനം ലഭ്യമാകും. ഭക്ഷ്യ സംസ്കരണ സംരംഭം നടത്തുന്ന ഒരു എസ്.എച്ച്.ജി. അംഗത്തിന് 35% ക്രെഡിറ്റ് ലിങ്ക്ഡ് മൂലധന സബ്സിഡി പരമാവധി 10 ലക്ഷം രൂപ. എസ്.എച്ച്.ജി. ഫെഡറേഷന്റെ മൂലധന നിക്ഷേപത്തിന് ക്രെഡിറ്റ് ലിങ്ക്ഡ് ഗ്രാന്റോടു കൂടി 35% പിന്തുണ (പരമാവധി പരിധി ഭക്ഷ്യ മന്ത്രാലയം നിർദേശിക്കുന്ന തരത്തിലായിരിക്കും). കർഷക ഉല്പാദക സംഘടനകളും (എഫ്.പി.ഒ. കൾ) ഉല്പാദക |

| | | | |
|---|---|---|---|
| | | | സഹകരണ സംഘങ്ങൾക്കും ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി 35% ഗ്രാന്റ് (പരമാവധി പരിധി ഭക്ഷ്യ മന്ത്രാലയം നിർദേശിക്കുന്ന തരത്തിലായിരിക്കും). പൊതു അടിസ്ഥാന സൗകര്യങ്ങൾക്കുള്ള സഹായം. ട്രെയിനിംഗ് & ഹാൻഡ് ഹോൾഡിംഗ് പിന്തുണ. ബ്രാൻഡിംഗിനും വിപണനത്തിനുമുള്ള പ്രാദേശിക സംസ്ഥാന തലത്തിൽ പിന്തുണ (എസ്.എച്ച്.ജി, എഫ്.പി.ഒ., സഹകരണ സംഘങ്ങൾക്കോ, സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംഘങ്ങളുടെ എസ്.പി.വി. ക്കോ). |
| (സി) | പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ? | (സി) | ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴിയും കുടുംബശ്രീ മിഷൻ വഴിയും അനുയോജ്യരായ സംരംഭകരെ കണ്ടെത്തി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ജില്ലകളിൽ ഉത്പാദിപ്പിച്ച് പോരുന്ന തനത് ഭക്ഷ്യ വിഭവങ്ങളായ മരച്ചീനി, ചക്ക, വാഴപ്പഴം, നാളികേരം, നെല്ല് കല്ലുമ്മേക്കായ മുതലായവയാണ് ജില്ലകളുടെ One District One Product ആയി തെരഞ്ഞെടുത്തിട്ടുള്ളത്. കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച്, ഭക്ഷ്യ സംസ്കരണ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾക്കും യൂണിറ്റുകൾക്കും എസ്.എച്ച്.ജി അംഗങ്ങൾക്കും എല്ലാ ജില്ലകളിലും ODOP ഉൽപ്പന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം എന്നിവയിൽ പരിശീലനങ്ങൾ സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ